പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 39          13-10-2026-ൽ മറുപടിയ്ക്ക്

<u>ഓപ്പറേഷൻ ത്വുഫാൻ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>          <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ          ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. അൻവർ സാദത്ത്          (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. അബിൻ വർക്കി കോടിയാട്ട്

**(എ)** ഓപ്പറേഷൻ ത്വുഫാൻ ദൗത്യത്തിന്റെ ഭാഗമായി മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

<u>**മറുപടി:**</u> ഓപ്പറേഷൻ ത്വുഫാന്റെ ഭാഗമായി സംസ്ഥാനാന്തര ലഹരിക്കടത്ത് തടയുന്നതിനും ലഹരി ശൃംഖലകൾക്കെതിരെ ഏകോപിതമായ നടപടി സ്വീകരിക്കുന്നതിനുമായി അയൽ സംസ്ഥാനങ്ങളുമായി അന്തർസംസ്ഥാന സഹകരണം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓപ്പറേഷൻ ത്വുഫാന് പൂർണ്ണ പിന്തുണ അഭ്യർത്ഥിച്ച് ആഭ്യന്തര വകുപ്പ് മന്ത്രി 08.07.2026-ാം തീയതി കർണാടക മുഖ്യമന്ത്രി ശ്രീ. ഡി.കെ. ശിവകുമാറിനെ സന്ദർശിക്കുകയും, കേരള-കർണാടക അതിർത്തിയിലെ പരിശോധനകളും നിരീക്ഷണവും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനും കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കുന്നതിനും കർണാടക സർക്കാരിന്റെ പിന്തുണ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 15.07.2026-ാം തീയതി തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. സി. ജോസഫ് വിജയുമായി ആഭ്യന്തര വകുപ്പ് മന്ത്രി നടത്തിയ കൂടിക്കാഴ്ചയിൽ ഓപ്പറേഷൻ ത്വുഫാൻ ശക്തി പ്പെടുത്തുന്നതിനായി തമിഴ്നാട് സർക്കാരിന്റെയും പോലീസിന്റെയും പൂർണ്ണ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള- തമിഴ്നാട് അതിർത്തിയിൽ സംയുക്ത നടപടി, ഇരു സംസ്ഥാന പോലീസ് സേനകൾ തമ്മിലുള്ള രഹസ്യവിവര കൈമാറ്റം ശക്തിപ്പെടുത്തൽ, അതിർത്തി പരിശോധനയും നിരീക്ഷണവും വർധിപ്പിക്കൽ, യുവാക്കളിൽ സംയുക്ത ലഹരിവിരുദ്ധ ബോധ വത്കരണ പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങിയ നടപടികൾക്ക് ധാരണയായിട്ടുണ്ട്.

**(ബി)** പ്രസ്തുത ദൗത്യത്തിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡി.ജി.പി.മാർ കേരളത്തിൽ കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കൂടിക്കാഴ്ചയിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

<u>**മറുപടി:**</u> ഓപ്പറേഷൻ ത്വുഫാന്റെ ഭാഗമായി 10.07.2026 തീയതി പോലീസ് ആസ്ഥാനത്ത് ആഭ്യന്തര വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ Inter-State Co-ordination യോഗം ചേരുകയും, പ്രസ്തുത യോഗത്തിൽ തമിഴ്നാട്, പുതുച്ചേരി, സംസ്ഥാനങ്ങളിലെ ഡി.ജി.പിമാരും മറ്റ് അയൽ

സംസ്ഥാനങ്ങളിലെ ഉന്നത പോലീസ് ഉദ്യോഗസ്ഥരും, കേരളത്തിലെ ഡി.ജി.പി മുതൽ ഐ.ജി വരെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തിട്ടുള്ളതാണ്. യോഗാനന്തരം ഓപ്പറേഷൻ ഡ്രഫാന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപ്പിക്കുന്നതിനായി ബന്ധപ്പെട്ട സംസ്ഥാനങ്ങൾ/ ഏജൻസികൾ പ്രത്യേകം നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുമുണ്ട്

**(സി)** സംസ്ഥാനത്ത് വിൽക്കുന്ന ലഹരിവസ്തുക്കളിൽ ഭൂരിഭാഗവും അയൽ സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നതാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അത് തടയാൻ ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**മറുപടി:** അന്തർസംസ്ഥാന ലഹരിക്കടത്ത് തടയുന്നതിനും ലഹരി വിതരണ ശൃംഖലകൾക്കെതിരെ ഫലപ്രദമായ നടപടി ഉറപ്പാക്കുന്നതിനുമായി അയൽ സംസ്ഥാന പോലീസ് സേനകളുമായി ഏകോപനം നടത്തി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

- അയൽ സംസ്ഥാന പോലീസ് സേനകളുമായി രഹസ്യവിവര (Intelligence) കൈമാറ്റം ശക്തിപ്പെടുത്തുക.
- അതിർത്തി പ്രദേശങ്ങളിലെ പരിശോധനയും നിരീക്ഷണവും ശക്തിപ്പെടുത്തുക.
- സംയുക്ത ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.
- കേസുകളിൽ ഉൾപ്പെട്ട പ്രതികളുടെ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിനും അനധികൃത സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.
- നെറ്റ് വർക്ക് ഇൻവസ്റ്റിഗേഷൻ നടത്തി ഡ്രഗ്സ് സിന്റിക്കേറ്റിനെ നിയമ നടപടികൾക്ക് വിധേയമാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ച് വരുന്നതാണ്.

**സെക്ഷൻ ഓഫീസർ**